# CAREER Updates
# പത്രവൃത്താന്തം

30.08.2024 (വെള്ളി)



- ⇨ ഹുറൂൺ ഇന്ത്യയുടെ 2024-ലെ സമ്പന്ന പട്ടികയിൽ ഒന്നാം സ്ഥാനം നേടിയത്
- ✔ ഗൗതം അദാനി
- 11.6 ലക്ഷം കോടി രൂപയാണ് ഗൗതം അദാനിയുടെ നിലവിലെ ആസ്തി. 10.14 ലക്ഷം കോടി രൂപ ആസ്തിയുള്ള മുകേഷ് അംബാനിയാണ് ഹുറൂൺ ഇന്ത്യ സമ്പന്ന പട്ടികയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയത്.
- ഇന്ത്യയിലെ അതി സമ്പന്നരുടെ പട്ടികയിൽ 40-ാം സ്ഥാനത്തുള്ള ലുലു ഗ്രൂപ്പ് ഉടമ എം.എ. യൂസഫലിയാണ് മലയാളികളിൽ ഒന്നാം സ്ഥാനത്തുള്ളത്. 55,000 കോടി രൂപയാണ് ഇദ്ദേഹത്തിന്റെ ആസ്തി.
- ക്വിക്ക് കൊമേഴ്സ് സ്ഥാപനമായ സെപ്റ്റോയുടെ സ്ഥാപകൻ കൈവല്യ വോറ (21 വയസ്സ്) ആണ് ഏറ്റവും പ്രായം കുറഞ്ഞ അതി സമ്പന്നൻ. പുതുതായി 272 പേരാണ് ഹുറൂൺ ഇന്ത്യ സമ്പന്ന പട്ടികയിൽ ഇത്തവണ ഇടംനേടിയത്.

- ⇨ സ്ത്രീകൾക്ക് തൊഴിലിടങ്ങളിലെ പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി അടുത്തിടെ കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയം ആരംഭിച്ച കേന്ദ്രീകൃത പോർട്ടൽ
- ✔ ഷീ-ബോക്സ്

CAREER GUIDANCE BUREAU

- ⇨ 2024 ആഗസ്റ്റിൽ കമ്മിഷൻ ചെയ്യപ്പെട്ട, ഇന്ത്യയുടെ രണ്ടാമത്തെ ആണവ മിസൈൽ അന്തർവാഹിനി
- ✔ ഐ.എൻ.എസ്. അരിഘാത്
- ആന്ധ്രപ്രദേശിലെ വിശാഖപട്ടണത്ത് കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് ആണ് ഐ.എൻ.എസ്. അരിഘാത് കമ്മിഷൻ ചെയ്തത്. ഇന്ത്യയുടെ ആദ്യത്തെ ആണവ മിസൈൽ അന്തർവാഹിനിയായ ഐ.എൻ.എസ്. അരിഹന്തിന്റെ പരിഷ്കരിച്ച പതിപ്പാണിത്.
- ⇨ 2024 ആഗസ്റ്റിൽ ഏഴിമല നാവിക അക്കാദമി കമാന്റന്റായി ചുമതലയേറ്റത്
- ✔ വൈസ് അഡ്മിറൽ സി.ആർ. പ്രവീൺ നായർ
- ⇨ 2024 ആഗസ്റ്റിൽ അന്തരിച്ച പ്രശസ്ത ഇന്ത്യൻ ഭരണഘടനാ വിദഗ്ദ്ധനും നിയമജ്ഞനും എഴുത്തുകാരനുമായിരുന്ന വ്യക്തി
- ✔ അബ്ദുൾ ഗഫൂർ മജീദ് നൂറാനി (എ.ജി. നൂറാനി)
- ‘ദ കാശ്മീർ ക്വസ്റ്റ്യൻ’, ‘ട്രയൽ ഓഫ് ഭഗത് സിങ്’ എന്നിവ അബ്ദുൾ ഗഫൂർ മജീദ് നൂറാനിയുടെ പ്രശസ്തമായ കൃതികളാണ്.
- ⇨ മികച്ച ജൈവവൈവിധ്യ കാമ്പസിനുള്ള കേരള സർക്കാരിന്റെ പുരസ്കാരം 2024 ആഗസ്റ്റിൽ സ്വന്തമാക്കിയത്
- ✔ ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസസ്, കാന്തല്ലൂർ
- ⇨ കടയിൽ നിന്ന് സാധനങ്ങൾ വാങ്ങിയ പണം ഒരു പുഞ്ചിരിയിലൂടെ അടയ്ക്കാൻ വഴിയൊരുക്കുന്ന സ്മൈൽ പേ സംവിധാനത്തിന് 2024 ആഗസ്റ്റിൽ തുടക്കം കുറിച്ച ബാങ്ക്
- ✔ ഫെഡറൽ ബാങ്ക്
- ഇന്ത്യയിലെ ആദ്യ ഫേഷ്യൽ റെക്കഗ്നിഷൻ പേയ്മെന്റ് സംവിധാനമാണ് ഭീം ആധാർ പേയിൽ അധിഷ്ഠിതമായ സ്മൈൽ പേ.

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999